# Telephone Conversation between PM and Prime Minister of Japan

April 10, 2020

---

## പ്രധാനമന്ത്രിയും ജപ്പാൻ പ്രധാനമന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം.

ഏപ്രിൽ 10 ,2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ജപ്പാൻ പ്രധാനമന്ത്രി ശ്രീ ഷിൻസോ ആബേയുമായി ഇന്ന് ടെലിഫോണിക് സംഭാഷണം നടത്തി

കോവിഡ്-19 പകർച്ചവ്യാധിയെ തുടർന്ന് വരുന്ന ആഗോള ആരോഗ്യ, സാമ്പത്തിക പ്രത്യാഘാതങ്ങളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. അതാത് രാജ്യങ്ങളിൽ പ്രതിസന്ധികളെ നേരിടുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചും അവർ ചർച്ച ചെയ്തു.

ഇത്തരമൊരു പ്രതിസന്ധി സാഹചര്യത്തിൽ ഇരു രാജ്യങ്ങളിലും പ്രവാസികളായി താമസിക്കുന്ന പൗരന്മാർക്ക് അതതു രാജ്യങ്ങൾ നൽകുന്ന പിന്തുണക്കും സൗകര്യങ്ങൾക്കും ഇരു നേതാക്കളും അഭിനന്ദനങ്ങൾ അറിയിക്കുകയും ഇതേ രീതിയിലുള്ള ഏകോപനം തുടരുന്നതിന് സമ്മതിക്കുകയും ചെയ്തു.

പകർച്ചവ്യാധിയെ തുടർന്നുള്ള വെല്ലുവിളികളെ നേരിടുന്നതിനായുള്ള പരിഹാര മാർഗങ്ങൾ കണ്ടെത്തുന്നതിന്, ലോകത്തെ സഹായിക്കുവാൻ ഇന്ത്യ-ജപ്പാൻ പങ്കാളിത്തത്തിന് പ്രധാന പങ്ക് വഹിക്കാനാകുമെന്നും ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂ ഡൽഹി**

**10 ഏപ്രിൽ , 2020**

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.